## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4559 17.12.2014 ലെ മറുപടിക്ക്

## <u>പട്ടികജാതി വിജ്ഞാൻവാടികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.അജിത്** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിജ്ഞാൻവാടികളെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; സംസ്ഥാനത്ത് ഇതുവരെ പട്ടികജാതി വിജ്ഞാൻവാടികൾ എത്രയെണ്ണം സ്ഥാപിച്ചു എന്നും ഇതുവഴി എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാവുക എന്നും വ്യക്തമാക്കുമോ; | (എ) | ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്ന 70 വിജ്ഞാൻവാടികൾക്കു പുറമേ രണ്ടാം ഘട്ടത്തിൽ 2014 നവംബർ മാസം വരെ 48 വിജ്ഞാൻവാടികൾ കൂടി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ആനുകാലിക വിജ്ഞാന സമ്പാദനത്തിനും തൊഴിൽരഹിതരായ പട്ടികജാതി യുവതീ യുവാക്കൾക്ക് ഓൺലൈനായി അപേക്ഷകൾ അയയ്ക്കുന്നതിനും മറ്റുമായി ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ സംവിധാനവും അതോടൊപ്പം ലൈബ്രറി, റീഡിംഗ് റൂം എന്നിവയും വിജ്ഞാൻ വാടിയിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ തുടർപ്രവർത്തനങ്ങൾ എങ്ങനെയെന്നും സംസ്ഥാനത്ത് ആകെ എത്ര വിജ്ഞാൻ വാടികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തൊട്ടാകെ 1000 വിജ്ഞാൻ വാടികൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിജ്ഞാൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ, ലൈബ്രറി, റീഡിംഗ് റൂം എന്നിവ സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ